**ക്രമപ്രശ്നം**

<u>കാലഹരണപ്പെട്ട റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. എം. ഉമ്മർ</u>: സർ, നിരന്തരമായി ക്രമപ്രശ്നം ഉന്നയിക്കുന്നത് ബഹുമാനപ്പെട്ട ചെയറിനും അതുപോലെ ബഹുമാനപ്പെട്ട മന്ത്രിമാർക്കും നീരസമുണ്ടാക്കുന്നതിനോ അലോസരപ്പെടുത്തുന്നതിനോ വേണ്ടിയല്ല. പലപ്പോഴും ഉന്നയിച്ച കാര്യങ്ങൾ ആണെങ്കിലും വീണ്ടും ആവർത്തിക്കുകയാണ്. നമ്മുടെ നടപടിക്രമം ചട്ടം 166 (ബി) പ്രകാരം കമ്പനികൾ, സ്വയംഭരണാധികാര സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ മുതലായവയുടെ റിപ്പോർട്ടുകൾ 9 മാസത്തിനുള്ളിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്നാണ് പറയുന്നത്. എന്നാൽ നടപ്പു സമ്മേളനത്തിൽ 29-5-2019-ലും 13-6-2019-ലും മേശപ്പുറത്തുവച്ച റിപ്പോർട്ടുകൾ പലതും കാലഹരണപ്പെട്ടതാണ്. ഞാൻ മുഴുവനും വായിക്കുന്നില്ല, 16 എണ്ണമുണ്ട്. ട്രിവാൻഡ്രം സ്പിന്നിംഗ് മില്ല് ലിമിറ്റഡ് 16 വർഷം മുമ്പുള്ള റിപ്പോർട്ടാണ് ഇപ്പോൾ വച്ചിട്ടുള്ളത്, കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റേത് 7 വർഷം മുമ്പുള്ളതാണ്, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിന്റേത് 5 വർഷം മുമ്പുള്ളതാണ്, കേരളാ സ്റ്റേറ്റ് ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷന്റേത് 7

വർഷം മുമ്പുള്ളതാണ്, കേരളാ സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 23 വർഷം മുമ്പത്തെ റിപ്പോർട്ടാണ്. ആകെ പത്തോ മുപ്പതോ പേജിൽ ഒതുങ്ങുന്ന ഒരു റിപ്പോർട്ട് ഇപ്പോഴാണ് വച്ചത്. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷന്റേത് 8 വർഷം മുമ്പുള്ളതാണ്. കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റേത് 6 വർഷം മുമ്പുള്ളതാണ്. കേരളാ സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷന്റേത് 7 വർഷം മുമ്പുള്ളതാണ്. കോഴിക്കോട് സർവ്വകലാശാലയുടേത് 10 വർഷം മുമ്പുള്ള റിപ്പോർട്ടാണ്. ഞാൻ ഇവിടെ വായിച്ചതൊക്കെ പലതും കാലഹരണപ്പെട്ടതാണ്. അതുകൊണ്ട് സമയബന്ധിതമായി, ബഹുമാനപ്പെട്ട മെമ്പർമാർക്ക് ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട ചർച്ചയിൽ ഫലപ്രദമായി ഇടപെട്ട് ഈ വക സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള കാര്യങ്ങൾ മനസ്സിലാക്കി പറയാനുള്ള അവസരം നഷ്ടപ്പെടുകയാണ്. 23 വർഷം മുമ്പുള്ള റിപ്പോർട്ട് ഇപ്പോൾ ഇവിടെ വച്ചിട്ട് എന്തു പ്രയോജനമാണുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ ഇതിൽ കാര്യമായി ഇടപെടണം, അങ്ങ് പലതിലും ഇടപെട്ടതുകൊണ്ട് പല റിപ്പോർട്ടും കൃത്യസമയത്ത് വയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ഒരു ഗവൺമെന്റിന്റെ

കാലമല്ല 23 വർഷം എന്നു പറയുന്നത്, നാലോ അഞ്ചോ ഗവൺമെന്റിന്റെ കാലാവധി കഴിഞ്ഞു പോയിട്ടുണ്ട്. ബ്യൂറോക്രസിയുടെ കെടുകാര്യസ്ഥതയാണ് ഇതിന്റെ പിന്നിലുള്ള ഏറ്റവും വലിയ സംഗതി. ഇത് ഈ സഭയോട് ചെയ്യുന്ന അനാദരവ് ആണെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് അതിനുള്ള റൂളിംഗ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 (ബി)3 അനുസരിച്ച് ബഹുമാനപ്പെട്ട എം. ഉമ്മർ സൂചിപ്പിച്ചതുപോലെ റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിൽ കാലതാമസം നേരിടുന്ന പക്ഷം അതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റുമെന്റുകൂടി ബന്ധപ്പെട്ട വകുപ്പുമന്ത്രി നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് അനുശാസിക്കുന്നുണ്ട്, ഇപ്രകാരമാണ് സാധാരണ നിലയിൽ ഡിലേ സ്റ്റേറ്റുമെന്റുകൾ നമ്മൾ വയ്ക്കുന്നത്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ആറും, ഏഴും, എട്ടും, ഒൻപതും കൊല്ലം പഴക്കമുള്ള റിപ്പോർട്ടുകൾ ഇവിടെ മേശപ്പുറത്തു വയ്ക്കാൻ നിർബന്ധിക്കപ്പെടുന്നുണ്ട്. അത് പരിഹരിക്കുന്നതിനുള്ള ശക്തമായ

ഇടപെടലുകളാണ് ഇപ്പോൾ നടക്കുന്നത്. വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളുടെ സമർപ്പണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ വകുപ്പു സെക്രട്ടറിമാർക്കും, 22-11-2018 തീയതിയിൽ പാർലമെന്ററികാര്യ വകുപ്പിന്റെ കത്തു മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട എം. ഉമ്മർ ഈ പ്രശ്നം കൊണ്ടുവന്നു, അത് പൊതുമേഖലയുമായി ബന്ധപ്പെട്ടതല്ല, അതിന്റെ ഭാഗമായി എല്ലാ വകുപ്പുകൾക്കും നിർദ്ദേശം കൊടുക്കണമെന്ന് ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം കൊടുത്തു. അതുകൊണ്ട് ഇത് കൃത്യമായി പാലിക്കുന്നതിന് ജാഗ്രത പുലർത്താൻ എല്ലാ വകുപ്പു മേലദ്ധ്യക്ഷൻമാർക്കും നിർദ്ദേശം കൊടുക്കുന്നുണ്ട്. എല്ലാ വകുപ്പുകളെയും ഈ ക്രമപ്രശ്നത്തിന്റെ ഭാഗമായി ഒന്നുകൂടി റിമൈൻഡ് ചെയ്യിപ്പിക്കുന്നതായിരിക്കും.

**റൂളിംഗ്**

മി. സ്പീക്കർ: നിയമസഭാ നടപടി ചട്ടം 166 (ബി) പ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന രേഖകൾ മേശപ്പുറത്ത് വയ്ക്കുന്നതിൽ കാലതാമസം വരുത്തിയെന്നുള്ള സുപ്രധാനമായ ക്രമപ്രശ്നം തന്നെയാണ് ശ്രീ. എം. ഉമ്മർ ഇവിടെ ഉന്നയിച്ചിരിക്കുന്നത്. എന്നാൽ സഭയുടെ മേശപ്പുറത്തു വയ്ക്കേണ്ട രേഖകൾ യഥാസമയം മേശപ്പുറത്തു വയ്ക്കേണ്ടതാണെന്ന് കാണിച്ച്

നേരത്തേയും പാർലമെന്ററികാര്യ വകുപ്പ് സർക്കാർ വകുപ്പുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അതിന്റെ ഭാഗമായിട്ട് ഇതിന്റെ കാര്യത്തിൽ നേരിട്ടിരുന്ന കാലതാമസം ഒരു പരിധിവരെ ഒഴിവാക്കാൻ സാധിച്ചിട്ടുണ്ടെന്നും ബഹുമാനപ്പെട്ട മന്ത്രി അറിയിക്കുകയുണ്ടായി. എന്നാലും സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിൽ ഭരണപരമായ കാര്യങ്ങളിൽ കാലതാമസം ഉണ്ടായിട്ടുണ്ടെന്നും അതിൽ ചട്ടപ്രകാരമുള്ള ഡിലേ സ്റ്റേറ്റുമെന്റുകൾ പ്രസ്തുത രേഖകളോടൊപ്പം തന്നെ സഭയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. അതോടൊപ്പം ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിലും നടപടികൾ സ്വീകരിക്കണമെന്നുതന്നെയാണ് മന്ത്രി ഇവിടെ സൂചിപ്പിച്ചത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പ് ചെയർ മുഖവിലയ്ക്ക് എടുക്കുകതന്നെയാണ്. ഇവിടെ ഉന്നയിച്ച പ്രശ്നം ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ചിലകാര്യങ്ങൾ ആലോചിക്കുന്നത് നല്ലതാണെന്ന് തോന്നുന്നു. സർക്കാരിന്റെ വിവിധ വകുപ്പുകൾ, സർക്കാരിനു കീഴിലുള്ള വിവിധ കമ്പനികൾ, സ്വയംഭരണാധികാര സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയുമായി ബന്ധപ്പെട്ട് സഭയുടെ മേശപ്പുറത്തു വയ്ക്കുന്ന രേഖകൾ യഥാസമയമാണോ വച്ചത്, കാലതാമസമുണ്ടായെങ്കിൽ അതിനുള്ള ഡിലേ സ്റ്റേറ്റുമെന്റ് ലഭ്യമായിട്ടുണ്ടോ,

ഡിലേ സ്റ്റേറ്റുമെന്റിൽ പറഞ്ഞിരിക്കുന്ന കാരണങ്ങൾ യുക്തിസഹമാണോ, എന്നീ കാര്യങ്ങളുടെ പരിശോധന മാത്രമാണ് നിലവിലുള്ള ചട്ടപ്രകാരം മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച സമിതിക്ക് ഇപ്പോൾ നടത്തുവാൻ അവസരമുള്ളൂ. അതുകൊണ്ട്, ചട്ടപ്രകാരം സഭയുടെ മേശപ്പുറത്തു വയ്ക്കേണ്ട രേഖകൾ യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിലേക്കായി ലഭ്യമാക്കുന്നുണ്ടോയെന്ന കാര്യം നിരീക്ഷിക്കാനും അല്ലാത്തപക്ഷം അതിന്മേൽ ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതിനുമുള്ള ചുമതലകൂടി മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ കർത്തവ്യങ്ങളിൽപ്പെടുത്തുന്ന കാര്യം ആലോചിക്കാവുന്നതാണ്. അങ്ങനെ വന്നാൽ അപ്രകാരമുള്ള ഒരു ചുമതല പ്രസ്തുത സമിതിയിൽ നിഷിപ്തമാക്കുന്നതോടുകൂടി ഭാവിയിൽ ഇത്തരത്തിലുള്ള പരാതികളൊക്കെ മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച സമിതിക്ക് തന്നെ പരിശോധിക്കാനും, ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാനും കഴിയുന്നതാണെന്ന കാര്യം കൂടി ഇത്തരുണത്തിൽ ചെയർ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്, അതിൽ തുടർനടപടികൾ ഉണ്ടാകുമെന്നു കൂടി റൂൾ ചെയ്യുന്നു.